പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1144.

20.1.2014 -ൽ
മറുപടിയ്ക്ക്

## അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.എ.വാഹിദ്.<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ.<br>ശ്രീ.വർക്കല കഹാർ.<br>ശ്രീ.പി.എ.മാധവൻ. | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഈയിടെ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. 2014 ജനവരി 3,4,5 തീയതികളിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വെച്ച് നടത്തിയിരുന്നു. |
| (ബി) എന്തെല്ലാം വിഷയങ്ങളാണ് സമ്മേളനത്തിൽ ചർച്ച ചെയ്തത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഇതര ദേശവ്യാപക വിദ്യാഭ്യാസത്തെക്കുറിച്ചായിരു സമ്മേളനം. ഓപ്പൺ എഡ്യൂക്കേഷൻ - ഇ-ലേണിങ്ങ് ആന്റ് മാസീവ് ഓൺലൈൻ ഓപ്പൺ കോഴ്സ്, ക്രെഡിറ്റ് ട്രാൻസ്ഫറും ഇതര വ്യാപക വിദ്യാഭ്യാസവും, ക്ലാസ് മുറികളിൽ നടപ്പിലാക്കാവുന്ന വൈവിദ്ധ്യങ്ങൾ,ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉറപ്പു വരുത്തുന്നതെങ്ങനെ, ആഗോളവൽകൃത സമൂഹത്തിൽ ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ച് ഉന്നത വിദ്യഭ്യാസ കേന്ദ്രങ്ങളെ വിലയിരുത്തുന്നതെങ്ങനെ, ഇതരദേശ വിദ്യഭ്യാസം കേരളത്തിൽ സ്വീകാര്യമാണോ, ഇതരദേശ വിദ്യഭ്യാസത്തിൽ സ്വകാര്യ മേഖലയ്ക്കുള്ള പങ്ക് എന്നിവയായിരുന്നു പ്രധാനമായും ചർച്ച ചെയ്തത്. |

| | | | |
|---|---|---|---|
| (സി) | സമ്മേളനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് അംഗീകരിച്ചത് ; വിശദമാക്കുമോ ; | (സി) & (ഡി) | അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ് വന്ന പ്രധാന ആശയങ്ങൾ തിരുവനന്തപുരം പ്രഖ്യാപനം എന്ന പേരിൽ അംഗീകരിച്ചത് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. തിരുവനന്തപുരം പ്രഖ്യാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ